# Phone call between Prime Minister ShriNarendraModi and H.E. (Dr.) Alexander Van der Bellen, Federal President of the Republic of Austria

May 26, 2020

---

## പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയും ഓസ്ട്രിയ റിപ്പബ്ലിക് ഫെഡറൽ പ്രസിഡണ്ട് ഡോ. അലക്സാണ്ടർ വാൻ ദേർ ബെല്ലനും തമ്മിലുള്ള ടെലിഫോൺ സംഭാഷണം.

മെയ് 26, 2020

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഓസ്ട്രിയ റിപ്പബ്ലിക് ഫെഡറൽ പ്രസിഡണ്ടായ ഡോ. അലക്സാണ്ടർ വാൻ ദേർ ബെല്ലനുമായി ഇന്ന് ടെലിഫോൺ സംഭാഷണം നടത്തി.

ആംഫൻ ചുഴലിക്കാറ്റ് മൂലം ഇന്ത്യയിൽ സംഭവിച്ച നാശനഷ്ടങ്ങൾക്ക് ഓസ്ട്രിയൻ പ്രസിഡണ്ട് തന്റെ അനുശോചനങ്ങൾ അറിയിച്ചു. കോവിഡ്-19 പകർച്ചവ്യാധിമൂലമുണ്ടാകുന്ന ഗുരുതരമായ ആരോഗ്യ സാമ്പത്തിക പ്രത്യാഘാതങ്ങളെ കൈകാര്യം ചെയ്യുന്നതിന് തങ്ങളുടെ രാജ്യങ്ങൾ സ്വീകരിച്ച നടപടികൾ ഇരു നേതാക്കളും ചർച്ച ചെയ്തു. നിലവിലെ വെല്ലുവിളികൾ നേരിടാൻ അന്തർദേശീയ സഹകരണം ആവശ്യമാണ് എന്നതിനോട് ഇവർ അനുകൂലിച്ചു.

കോവിഡിന് ശേഷമുള്ള ലോകത്ത് ഇന്ത്യ -ഓസ്ട്രിയ ബന്ധം പല മേഖകളിലേക്ക് വ്യാപിപ്പിക്കുന്നതിനും കൂടുത ശക്തിപ്പെടുത്തുന്നതിനുമുള്ള തങ്ങളുടെ ആഗ്രഹം ഇരു നേതാക്കളും ആവർത്തിച്ചു. നിർമാണം, സാങ്കേതിക, ഗവേഷണവും കണ്ടുപിടുത്തങ്ങളും, SME കൾ തുടങ്ങിയ മേഖലകളിൽ സഹകരണം മെച്ചപ്പെടുത്തുന്നതിനായുള്ള അവസരങ്ങളെ പ്രധാനമന്ത്രി ചൂണ്ടികാണിച്ചു.
നിലവിലെ ആരോഗ്യ പ്രതിസന്ധിയിൽ നിന്നും ലോകം വളരെ പെട്ടന്ന് മുക്തി നേടട്ടെയെന്നും, പാരിസ്ഥിതിക സന്തുലനം പോലുള്ള ദീർഘകാല ലക്ഷ്യങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കാനാകട്ടെയെന്നും നേതാക്കൾ പ്രത്യാശ പങ്കു വയ്ച്ചു.

**ന്യൂ ഡൽഹി**
**26 മെയ് , 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.